**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** | **13-02-2025 - ൽ മറുപടിയ്ക്ക്**

**പുതിയ കായിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ വി ജോയി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ കായികനയം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033 ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22.07.2023 ലെ സ.ഉ.(കൈ) നം. 6/2023/ കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, കായികസാക്ഷരതാ നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ട് വെയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും; വിദ്യാഭ്യാസം, ആരോഗ്യം, മുൻസിപ്പാലിറ്റികൾ- പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റ് മേഖലകളുമായും, സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. വിഭവ ശേഷിയുടെ പങ്കുവെയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ |

| | | | |
|---|---|---|---|
| | | | നിർവ്വഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു. |
| (ബി) | എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതൽ കായികവികസനം, ഉന്നതനിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കൽ എന്നിവ കൈവരിക്കുന്നതിന് പ്രസ്തുത നയം എത്രത്തോളം സഹായകമാണെന്ന് വിശദമാക്കുമോ; | (ബി) | പൊതുജനങ്ങൾക്കിടയിൽ ശക്തമായ കായികവ്യായാമ സാക്ഷരതാ നിലവാരവും സജീവമായ ഒരു കമ്മ്യൂണിറ്റി സ്പോർട്സ് അടിത്തറയും ഉള്ള ഊർജ്ജസ്വലമായ കായികസംസ്കാരം രൂപപ്പെടുത്തി 'എല്ലാവർക്കും സ്പോർട്സ്' എന്ന ലക്ഷ്യത്തിലേക്കെത്തുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനും ഉതകുന്ന തരത്തിലാണ് കായികനയം രൂപപ്പെടുത്തിയിട്ടുള്ളത്. കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പുതിയ ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനും ഇവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കൂടുതൽ കായിക അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, ഹൈ പെർഫോമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നിർദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒളിമ്പിക്സ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിലുള്ള കായികരംഗത്തെ മികവ് ഉറപ്പവരുത്തുന്നതിനുള്ള നിർദേശങ്ങളും നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | മറ്റെന്തൊക്കെ ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് കായിക നയത്തിന് രൂപം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, കായികസാക്ഷരത നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് നയത്തിന്റെ ലക്ഷ്യങ്ങൾ.<br><br>സാമൂഹിക സേവനവും കായിക പ്രതിഭകളും, അടിസ്ഥാന സൗകര്യങ്ങൾ, ശാസ്ത്രീയ പിന്തുണ, വിദ്യാഭ്യാസം, മികച്ച ഭരണവും തന്ത്രപരമായ ആസൂത്രണവും തുടങ്ങിയ അഞ്ച് ആധാരശിലകൾ അടിസ്ഥാനമാക്കിയുള്ള കായികസംസ്കാരത്തിന്റെ അടിത്തറ രൂപപ്പെടുത്തുന്ന കാഴ്ചപ്പാടുകളും നയം മുന്നോട്ട് വയ്ക്കുന്നു. |
| (ഡി) | സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് കായികനയം മുന്നോട്ടുവയ്ക്കുന്നുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ കായിക മേഖലയുടെ സംഭാവന ഉയർത്തുന്നതിനുള്ള സ്പോർട്സ് ഇക്കണോമി മിഷൻ കായിക നയം വിഭാവനം ചെയ്തിട്ടുണ്ട്. കായിക രംഗത്ത് സ്വകാര്യ |

| | | | |
|---|---|---|---|
| | | | നിക്ഷേപം ആകർഷിക്കുന്നതിനും നൂതന പദ്ധതികൾ അവതരിപ്പിക്കുന്നതിനുമായി 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. കായിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുതകുന്ന വിവിധ പദ്ധതികൾ ഉച്ചകോടിയിൽ അവതരിപ്പിക്കുകയുണ്ടായി. അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.<br>അടിസ്ഥാനസൗകര്യവികസനവും അവയുടെ പരിപാലനവും, പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അക്കാദമികളുടെ സ്ഥാപനം, ലീഗുകളുൾപ്പെടെയുള്ള കായിക പരിപാടികളുടെ സംഘാടനം, പ്രാദേശീക കായിക സംരഭങ്ങൾ വളർത്തിയെടുക്കുക എന്നിവയിലൂടെ കായിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ